


# നിഷാദം

കഥ

കാരൂർ സോമൻ

നിമ്മി നേരെ മെഡിക്കൽ സ്റ്റോറിൽ നിന്നിറങ്ങി റെയിൽവേ ഓവർ ബ്രിഡ്ജ് കടന്ന് ബസ് സ്റ്റോപ്പിലെത്തി. അവൾക്ക് എത്രയും വേഗം വീടെത്തിയാൽ മതിയായിരുന്നു. മുമ്പെങ്ങുമില്ലാത്ത വെപ്രാളം. വീട്ടിൽ കുട്ടി തനിച്ചാണ്. അവൾക്ക് എന്തെങ്കിലും. അതോർക്കവേ നിമ്മിയുടെ ദേഹമാസകലം വിറയൽ ബാധിച്ചു. അവൾ പരിസരംമറന്ന് ഛർദ്ദിക്കണമെന്നും തലചുറ്റുന്നുവെന്നും തോന്നി. എന്തുചെയ്യണമെന്നറിയാതെ നിമ്മി അങ്കലാപ്പോടെ ചുറ്റും നോക്കി. അവൾക്ക് പൊടുന്നനെ കരച്ചിൽ വന്നു.


ഓഫീസിൽ പതിവുള്ള ഉച്ചപത്രം വായിക്കുന്നതിനിടയിലാണ് നാളെ നിങ്ങളുടെ കുട്ടിക്കും ഇത് നടന്നേക്കാം എന്ന ശീർഷകത്തിൽ നിമ്മി ഒരു രണ്ടുകോളം വാർത്ത കണ്ടത്. നാലാംക്ളാസിൽ പഠിക്കുന്ന കുട്ടിയെ സ്കൂൾ ബസിന്റെ ഡ്രൈവർ എന്തൊക്കെയോ പരാക്രമം കാട്ടിയെന്ന്. ചോരയിൽ കുളിച്ച് കുഞ്ഞ് ഐ.സി.യുവിലാണെന്ന്. പ്രതിയെ പൊലീസ് തിരയുന്നു.

നിമ്മി മുഴുവൻ വാർത്തയും വായിച്ചില്ല. അവൾക്ക് നെഞ്ചിടിപ്പ് വർദ്ധിച്ചു. അടുത്തിരുന്ന സീറ്റിലെ കെ.സി. സതീശൻ കാണാതെ അവൾ സാരി നേരെയാക്കി ഇരുന്നെങ്കിലും ശരീരമാകെ വിയർക്കുന്നതുപോലെ തോന്നി. ഓഫീസിനുള്ളിലെ ഫാനിന് വേഗത കുറവാണോയെന്ന് നിമ്മി ആശങ്കപ്പെട്ടു. അറ്റൻഡറെ വിളിച്ച് ഫാൻ മാക്സിമത്തിൽ ഇടാനും കുടിക്കാൻ ഇത്തിരി വെള്ളം വേണമെന്നും അവൾ ആവശ്യപ്പെട്ടു. അയാൾ നിമ്മിയെ ആശ്ചര്യത്തോടെ നോക്കി. അവൾ സാരിത്തലപ്പെടുത്ത് നെറ്റിയിലെ വിയർപ്പുകണങ്ങൾ ഒപ്പി.

ഓഫീസ് വിടാൻ കാത്തുനിന്നില്ല. അതിഭയങ്കരമായ തലവേദന എന്നുപറഞ്ഞ് നേരത്തെയിറങ്ങി. സൈനസിന്റെ പ്രശ്നമാകാമെന്ന് പറഞ്ഞ് ബോസ് അവളെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. നിമ്മി അതൊന്നും കേട്ടില്ല. അവൾക്ക് വല്ലവിധേനയും വീടെത്തിയാൽ മതിയായിരുന്നു. പതിവുള്ള ബസ്സ്റ്റോപ്പിലേക്കുള്ള ഓട്ടപ്പാച്ചിലിനിടയിൽ അൽപ്പം ഡോസ് കൂടിയ ഉറക്കഗുളിക വാങ്ങാൻ മെഡിക്കൽ കടയിൽ കയറി. കടക്കാരൻ അവളെ നോക്കി ഗൂഢമായി ചിരിച്ചു. അതൊന്നും ശ്രദ്ധിക്കാൻ നിമ്മിക്ക് കഴിയുമായിരുന്നില്ല. വാസ്തവത്തിൽ മാസംതോറും വാങ്ങാറുള്ള നാപ്കിൻ വാങ്ങാനായിരുന്നു നിമ്മി കടയിലേക്ക് കയറിയത്. പക്ഷെ, അവൾ ഉറക്കത്തിന്റെ ആശ്വാസം മാത്രം തെരഞ്ഞെടുത്തു.

ബസ്സ്റ്റോപ്പിൽ പതിവു മുഖങ്ങൾ ഒറ്റപ്പെട്ടും കൂട്ടത്തോടെയും ആക്രമിക്കും മുമ്പ് ബസ് വരണേയെന്ന് നിമ്മി പ്രാർത്ഥിച്ചു. അവൾക്ക് അകാരണമായ മൂത്രശങ്ക തോന്നി. തന്റെ കുട്ടിക്ക് എന്തെങ്കിലും? അത് വീണ്ടും വീണ്ടും ഓർക്കവേ നിമ്മിക്ക് ഓക്കാനം വന്നു. നിരത്തിലെ വണ്ടികളെല്ലാം തന്റെനേരെ പാഞ്ഞുവരുന്നത് കണ്ട് ഭയപ്പാടോടെ അവൾ കണ്ണുകൾ ഇറുക്കിയടച്ചു. അവയുടെ മുരൾച്ചയ്ക്ക് മുമ്പെങ്ങുമില്ലാത്ത ഭയാനകതയുണ്ടെന്ന് അവൾക്ക് തോന്നി.

നിമ്മി ഓഫീസിലേക്ക്



തിരിക്കും മുമ്പ് സ്കൂൾബസ് വീട്ടുപടിക്കലെത്തും. അവളും കുട്ടിയും നഗരത്തിൽ ഒരു വീടെടുത്ത് ഒറ്റയ്ക്ക് താമസിക്കുകയായിരുന്നു. ആഴ്ചയിലൊരിക്കൽ മാത്രമാണ് ഭർത്താവ് എത്തുക. അതു പതിവു തെറ്റിയാൽ കുട്ടിയെയും കൂട്ടി നിമ്മി അയാളുടെ ജോലിസ്ഥലത്തേക്ക് യാത്രയാവും. നിമ്മി ദാമ്പത്യം യാന്ത്രികമായി നിലനിർത്തി. തുടരേണ്ടതായ ഏതോ പ്രവൃത്തി പോലെയത് അവളെ വാരാന്ത്യം ഇക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

സ്കൂളിൽ പോകാൻ കുട്ടിക്ക് ഭയങ്കര ഉത്സാഹം തന്നെ. നിമ്മി അടുക്കളയിൽ കയറി ബ്രേക്ക് ഫാസ്റ്റും ഉച്ചയ്ക്കത്തേയ്ക്കുള്ള ടിഫിനും ചൂടാക്കുമ്പോൾ കുട്ടി കുളിമുറിയിൽ നിന്ന് വിളിക്കും. അമ്മേ, യൂണിഫോം ഐയൺ ചെയ്തോ, ടിഫിൻ ഓകെയാണോ, എന്റെ ടു ലൈൻ ബ്രൗൺപേപ്പറിൽ പൊതിഞ്ഞോ, സ്കെച്ചസ് കണ്ടോ, അയ്യോ വാവേടെ ഷൂ പോളീഷ് ചെയ്തില്ല. നിമ്മി എല്ലാത്തിനും ഓകെ എന്ന് വിളിച്ചു പറയുമെങ്കിലും കുട്ടി ആവലാതി തുടർന്ന് കൊണ്ടേയിരിക്കും.

സ്കൂൾ ബസ് വരുന്നതുവരെ അമ്മയും മോളും തമ്മിൽ ഒരു പകൽപ്പൂരമാണെന്ന് നിമ്മി പലപ്പോഴും ഓഫീസിൽ അടുത്ത സീറ്റിലിരിക്കുന്ന സുനന്ദയോട് പറയാറുണ്ട്. ഓ, അതിലെന്തിരിക്കുന്നു എന്ന മട്ടിൽ സുനന്ദ ഐഡിയ സ്റ്റാർ സിംഗറിലെ പുതിയ വിശേഷങ്ങൾ പറയുമ്പോഴും താനിങ്ങനെ ആവർത്തിക്കുന്നതിന്റെ സുഖം നിമ്മിയെ സ്വകാര്യമായി സന്തോഷിപ്പിച്ചിരുന്നു. എന്നാൽ, അവളെ പലപ്പോഴും അലോസരപ്പെടുത്തിയിരുന്നത്, സ്കൂൾബസിലെ ഡ്രൈവറുടെ ചുഴിഞ്ഞനോട്ടമായിരുന്നു. ആദ്യമൊക്കെ നിമ്മിക്കത് പുകച്ചിലായിരുന്നു. തന്റെ സ്വകാര്യത പിടിക്കപ്പെട്ട കള്ളന്റെ വേവലാതി. പിന്നീട് അവൾ അത് കണ്ടില്ലെന്ന് നടിച്ചു. കുളിമുറിയിലേക്ക് ഓടുമ്പോൾ ഓഫീസിലേക്കുള്ള തിരക്കേറിയ ബസിന്റെ കോണിച്ചുവട്ടിൽ നിൽക്കാനുള്ള വെപ്രാളത്തിൽ, വൈകിട്ട് വീട്ടിലേക്ക് എന്തൊക്കെ വാങ്ങണമെന്ന ഓർമ്മകളിൽ മുഴുകി ഈ ചെറുപ്രശ്നത്തെ നിമ്മി അവഗണിച്ചു.

പക്ഷേ, ഇന്നുരാവിലെ അയാൾ എന്തൊരു നോട്ടമാണ് നോക്കിയത്. താൻ വിവസ്ത്രയായതുപോലെ നിമ്മിക്ക് തോന്നി. ചോര വലിച്ചു കുടിക്കുന്ന നോട്ടം. വാവലിന്റെ കണ്ണുകളാണ് അയാൾക്ക്. അത് നീണ്ട ചുണ്ടിനാൽ ശരീരത്തെ ഓരോ രൂപകൂപത്തെയും തുളച്ച് ചോര കുടിക്കുന്നു. ഹൃദയാന്തരങ്ങളിലെവിടെയോ പ്രസവവേദനയെക്കാൾ നൊമ്പരം. രക്തമെല്ലാം വാർന്ന് എല്ലും തോലുമായി ഒരടി നടക്കാനുള്ള ശക്തിയില്ല. കണ്ണുകൾ കുഴിയുന്നു.

മാറിടത്തിൽ ഉയർന്നുനിൽക്കുന്ന എല്ലുകൾ കൈകളിൽ തടയുന്നു. അവൾ സ്റ്റാർമൂവീസിൽ അറിയാതെ കണ്ട ഇംഗ്ളീഷ് സിനിമ ഓർത്തു. ഒരിക്കലും ഓർമ്മിക്കരുതെന്ന് അവൾ ദൃഢനിശ്ചയമെടുത്തെങ്കിലും അയാളുടെ ചൂഴ്ന്നുള്ള നോട്ടം കാണുമ്പോഴൊക്കെ നിമ്മി പെട്ടെന്ന് ഈ സിനിമയെക്കുറിച്ചോർക്കും. ഇന്നും അവൾ സിനിമയെക്കുറിച്ചോർത്തു. ബസ്ഡ്രൈവർ ഭീകര അന്യ ഗ്രഹജീവിയാണ്. അയാളുടെ നാവു നീണ്ടു ചുണ്ട്തുടച്ചപ്പോൾ അതു നീളം വച്ച് ചോര കുടിക്കാനുള്ള തയാറെടുപ്പിലാണെന്ന് നിമ്മിക്ക് തോന്നി.

അവൾക്ക് അലറി കരയണമെന്ന് തോന്നി. ആ ചോരകുടിയൻ ഓടിക്കുന്ന ബസിലാണ് തന്റെ മകൾ നിരന്തരം യാത്ര ചെയ്തിരുന്നതെന്ന് ഓർമ്മിച്ചപ്പോൾ നിമ്മിക്ക് താൻ ബസ്സ്റ്റോപ്പിലാണെന്നും ചുറ്റും വലിയൊരു ജനാവലി തന്നെ ചൂഴ്ന്നുനിൽക്കുന്നുണ്ടെന്നുമുള്ള കാര്യം മറന്നുപോയി. അവൾ ശബ്ദമുണ്ടാക്കാതെ കരയാൻ ശ്രമിച്ചു. എന്നാൽ, തൊണ്ടയ്ക്കിടയിൽ ഒരു കൊളുത്തിപ്പിടുത്തം. തലയിൽ ആരോ ഭാരമുള്ള വസ്തു കമിഴ്ത്തിയതുപോലെ. അവളുടെ വയറ്റിൽ അഗ്നി





കാരൂർ സോമൻ

സ്ഫോടനം നടന്നതുപോലെ എരിച്ചിൽ മുളപൊട്ടി. പെട്ടന്ന് പതിവിലും നേരത്തെ ബസ്വന്നു.

നിമ്മിക്ക് സീറ്റ് കിട്ടിയെങ്കിലും അവൾ ഇരുന്നില്ല. ഇരിക്കാത്തതിന്റെ കാരണമന്വേഷിച്ച് ബസ് കണ്ടക്ടർ അടുത്തെത്തിയെങ്കിലും അവൾ അലക്ഷ്യമായി ചിരിച്ചതേയുള്ളൂ. ഇറങ്ങേണ്ട ബസ് സ്റ്റോപ്പെത്താൻ നിമ്മി കൊതിച്ചു. ബസിന് വേഗത പോരെന്ന് അവൾക്ക് പതിവില്ലാതെ തോന്നി. ചുറ്റുമുള്ള കാഴ്ചകളുടെ വിരസത അവളെ വല്ലാതെ വിറളി പിടിപ്പിച്ചു.

ബസിൽ നിറയെ സ്കൂൾ കുട്ടികളുണ്ടായിരുന്നു. അതിലൊരു കുട്ടിയെ കണ്ടക്ടർ അകാരണമായി മുട്ടിയുരുമ്മുന്നതും കുട്ടി ഈർഷ്യയോടെ നിസ്സഹായയായി നിൽക്കുന്നതും കണ്ടപ്പോൾ നിമ്മി സ്വന്തം കുട്ടിയെക്കുറിച്ച് ഓർത്തുപോയി. അവൾ ഇപ്പോൾ എന്തെടുക്കുകയാവും. ആശുപത്രി ഐ.സി.യുവിൽ ട്രിപ്പുകൾക്ക് നടുവിൽ. ഓക്സിജൻ സിലിണ്ടറിന്റെ ഒരറ്റത്തെ മാസ്ക് വായിലേക്ക് കുത്തിക്കയറ്റി കരയാനും നിരങ്ങാനും പ്രതികരിക്കാനും കഴിയാത്ത അവസ്ഥയിൽ. ചുറ്റും ലേഡി ഡോക്ടർമാരായിരിക്കുമോ? അതോ ഏതെങ്കിലും പുരുഷ ഡോക്ടർ അയാളുടെ സ്റ്റെതസ്കോപ്പ് കുട്ടിയുടെ നെഞ്ചിൽ കുത്തിയമർത്തി അവളെ വേദനിപ്പിക്കുന്നുണ്ടാവുമോ. നിമ്മി സാരിയെയും ബ്ളൗസിനെയും അടിവയറിന് മുകളിലായി കൂട്ടിബന്ധിച്ചിരുന്ന സേഫ്റ്റിപിൻ ഊരിയെടുത്തു. അതു മൂർച്ചയുള്ള ആയുധമായി അവളുടെ കൈയിലിരുന്നു തിളങ്ങി. രക്തം മോഹിക്കുന്ന അതിന്റെ വായ്ത്തല അവൾ ചൂണ്ടാണി വിരലിനോടു ചേർത്തു. അവൾ ഒരു നിമിഷം കണ്ണടച്ചു.

ആൾത്താരയ്ക്ക് മുന്നിൽ മുട്ടിപ്പായി പ്രാർത്ഥിക്കുമ്പോൾ കണ്ണിൽ തെളിയാറുള്ള അതേ സൂര്യതേജസ്. അതു കണ്ണിലൂടെ, തലച്ചോറിനുള്ളിലേക്ക് ഒരു മിന്നായം പോലെ പടർന്നുകയറി. കൈകൾക്കും കാലിനും എന്തെന്നില്ലാത്ത ഊർജ്ജം. ബസിൽ തിരക്ക് തികട്ടിനിന്നു. നിമ്മി ഇറങ്ങാൻ തയാറെടുത്തു. ബസ്സ്റ്റോപ്പെത്തിയതും ചെറുപ്പത്തിൽ ബാസ്ക്കറ്റ്ബാൾ കോർട്ടിൽ എതിരാളികളെ വെട്ടിച്ചു പന്ത് ബാസ്ക്കറ്റ് ചെയ്യുന്ന അതേ ലാഞ്ഛനയോടെ നിമ്മി മുന്നോട്ട് കുതിച്ചു. അവളുടെ കൈയിൽ പന്ത് സുദർശനചക്രം പോലെ കറങ്ങി സുരക്ഷിതമായി നിന്നു.

അപ്രതീക്ഷിതമായ ആക്രമണത്തിൽ കണ്ടക്ടർ വീണുപോയി. അയാൾ അലറിക്കരഞ്ഞു. നിമ്മി ഒന്നുമറിയാത്തതുപോലെ സ്റ്റോപ്പിറങ്ങി വേഗത്തിൽ വീട്ടിലേക്ക് നടന്നു. വീട്ടിൽ അവളേയും പ്രതീക്ഷിച്ച് കുട്ടിയുടെ ബാഗ് ഉമ്മറത്ത് അനാഥമായി കിടന്നിരുന്നു. നിമ്മിയെ കണ്ടതും അയൽപ്പക്കത്തെ കുട്ടി ഓടിവന്നു.

ചേച്ചി ഇതെവിടെയായിരുന്നു. ഓഫീസിൽ വിളിച്ചപ്പോൾ നേരത്തെ ഇറങ്ങിയെന്ന് പറഞ്ഞു. മോൾക്ക് ഒരു തലചുറ്റലെന്ന് പറഞ്ഞ് സ്കൂളിൽ നിന്ന് ഫോൺ വന്നു. ബാഗ് ബസിൽ കൊടുത്തുവിട്ടിരുന്നു. അച്ഛൻ ആശുപത്രിയിലേക്ക് പോയിട്ടുണ്ട്. കുഴപ്പമില്ലെന്ന് പറഞ്ഞ് ദാ, ഇപ്പോൾ വിളിച്ചിരുന്നു. ചേച്ചി വന്നാലുടൻ അങ്ങോട്ട് ചെല്ലാനും പറഞ്ഞു.

നിമ്മിയ്ക്ക് പിടിച്ചു നിൽക്കാനായില്ല. അവൾ കുട്ടിയുടെ ബാഗിലേക്ക് തല കുനിച്ചു. അതിൽ സൂക്ഷ്മമായി നിഴലിച്ച ചോരപ്പാടിൽ ഭൂഗോളം തിരിഞ്ഞു കറങ്ങുന്നതും അലാറം മുഴക്കി ഒരു ആംബുലൻസ് പടികടന്നെത്തുന്നതും അവൾ കണ്ടു.